**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2022** **09-12-2022 - ൽ മറുപടിയ്ക്ക്**

**അസാപിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ അസാപിനായി നിർമ്മാണം പൂർത്തീകരിച്ച ആസ്ഥാനമന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ അസാപിനായി നിർമാണം പൂർത്തീകരിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്കിൽ പാർക്കിന്റെ ഉദ്ഘാടനം 2022 ഡിസംബർ മാസം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഉദ്ഘാടനത്തോട്ടുകൂടി ആദ്യ പരിശീലനവും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അസാപിന്റെ പരിശീലന പങ്കാളിയായ ബോണ്ട് വാട്ടർ സ്പോർട്സുമായി സഹകരിച്ച് ഡൈവ് മാസ്റ്റർ കോഴ്സും അസാപിന്റെ തന്നെ കോഴ്സുകളായ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, ക്രാഫ്റ്റ് ബേക്കർ, മൊബൈൽ ഫോൺ ഹാർഡ്‌വെയർ റിപ്പയർ ടെക്നീഷ്യൻ എന്നീ കോഴ്സുകളും ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | ക്ലാസുകൾ തുടങ്ങുന്ന മുറക്ക് ക്ലാസ്സ്റൂം സൗകര്യങ്ങളും ലാബ് സജ്ജീകരണങ്ങളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ജില്ലാ പഞ്ചായത്തുമായി സഹകരിച്ചുള്ള കോഴ്സുകൾ നടത്തുന്നതിന് അസാപ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) | ആലപ്പുഴ ജില്ലാ പഞ്ചായത്ത് സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി അസാപിനെയും കുടുംബശ്രീയെയും ഉൾപ്പെടുത്തി 30 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ അസാപിലൂടെ വിവിധ നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുന്നതിലേക്കാണ് വകയിരുത്തി യിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ക്രാഫ്റ്റ് ബേക്കർ, ഫിറ്റ്നസ് ട്രെയിനർ, IELTS, OET, ജാപ്പനീസ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>പ്രസ്തുത ട്രെയിനിങ്ങിലേക്ക് പരിശീലനാർത്ഥികളെ നോമിനേറ്റ് ചെയ്യുന്നതിനായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളേയും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്ന് നോമിനേഷൻ ലഭിച്ചതിനു ശേഷം, ബാച്ചുകളിലേക്കുള്ള പ്രവേശനം പൂർത്തിയാവുന്ന മുറക്ക് പരിശീലനം ആരംഭിക്കുന്നതാണ് . |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ കോഴ്സുകൾ നടത്തുന്നതിന് ഏതൊക്കെ പരിശീലന പങ്കാളികളുമായിട്ടാണ് | (ഡി) | 1. ബോണ്ട് വാട്ടർ സ്പോർട്സ് - സ്പോർട്സ് ആൻഡ് ലെഷർ സെക്ടർ കോഴ്സുകൾ നടത്തുന്നതിനായി ഇന്റർനാഷണൽ സർട്ടിഫിക്കറ്റോടുകൂടിയ (പി എ ഡി ഐ) കോഴ്സുകൾ ഇവിടെ നൽകുന്നതാണ്. |

<table>
<tr><td></td><td>കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td></td><td>2. നാച്ചുറൽസ് സ്കൂൾ ഓഫ് മേക്കപ്പ് - ബ്യൂട്ടി ആൻഡ് വെൽനെസ്സ് മേഖലയിലെ പ്രമുഖരായ നാച്ചുറൽസിന്റെ ട്രെയിനിങ് ഡിവിഷനായ നാച്ചുറൽസ് സ്കൂൾ ഓഫ് മേക്കപ്പുമായി സഹകരിച്ചു വിവിധ കോഴ്സുകൾ അവതരിപ്പിക്കും. നാച്ചുറൽസിന്റെ ഫ്രാഞ്ചൈസിയായ അസ്രീ ബ്യൂട്ടി എൽ എൽ പി ആയിരിക്കും ട്രെയിനിംഗ് നടപ്പിലാക്കുന്നത്.</td></tr>
<tr><td>(ഇ)</td><td>ഇതിനകം ഏതൊക്കെ കോഴ്സുകൾക്കാണ് പരിശീലനം നൽകിയതെന്നും എത്ര പേർക്ക് പ്ലേസ്മെന്റ് നൽകാനായെന്നും വിശദമാക്കാമോ?</td><td>(ഇ)</td><td>
<table>
<tr><th>ക്രമ നം</th><th>കോഴ്സ്</th><th>പരിശീലനാർത്ഥികളുടെ എണ്ണം</th></tr>
<tr><td>1</td><td>സാരി & നീഡിൽ ആർട്ടിസ്റ്റ്</td><td>6</td></tr>
<tr><td>2</td><td>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ</td><td>25</td></tr>
<tr><td>3</td><td>ഫ്രഞ്ച് എ 1</td><td>58</td></tr>
<tr><td>4</td><td>ജർമൻ എ 1</td><td>29</td></tr>
<tr><td>5</td><td>IELTS B1</td><td>12</td></tr>
<tr><td>6</td><td>IELTS B2</td><td>14</td></tr>
</table>
ട്രെയിനീസിന് പ്ലേസ്മെന്റ് ഗ്യാരണ്ടി അസാപ് നൽകുന്നില്ല. ഭാഷ പരിശീലനത്തിനു വന്നവർക്കു ജോലി ലഭിക്കുന്നത് അവരുടെ ബേസിക് ക്വാളിഫിക്കേഷൻ അനുസരിച്ചാണ്. സാരി & നീഡിൽ ആർട്ടിസ്റ്റിക് കോഴ്സിൽ സംരംഭകത്വത്തിനുള്ള അവസരം അസാപ് ഒരുക്കിയിരുന്നു. എന്നാൽ ഒരു പരിശീലനാർത്ഥിയും മുന്നോട്ട് വന്നില്ല .</td></tr>
</table>

സെക്ഷൻ ഓഫീസർ